## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തളിപ്പറമ്പ് നഗരസഭയിലെ റവന്യു സെക്ഷൻ സൂപ്രണ്ടായ ശ്രീ.പി. മുരളീധരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3623/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.12.2015.

=================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.02.2013 തീയതിയിലെ E 13(SC 59/2012/KNR) 31246/12 നമ്പർ കത്ത്.

2) 25.10.2013 തീയതിയിലെ 46564/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.

3) ശ്രീ. പി. മുരളീധരൻ സമർപ്പിച്ച 13.12.2013 തീയതിയിലെ മറുപടി.

4) നഗരകാര്യ ഡയറക്ടറുടെ 22.12.2014 തീയതിയിലെ വി2/19690/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തളിപ്പറമ്പ് നഗരസഭയിലെ റവന്യു സെക്ഷൻ സൂപ്രണ്ടായ ശ്രീ.പി. മുരളീധരൻ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി പരിധിയിൽപ്പെട്ട കെട്ടിട നമ്പർ 2722/എ1 മുതൽ 272 എ24 വരെയുള്ള കെട്ടിടത്തിന്റെ 24 മുറികളുടേയും ഉടമസ്ഥാവകാശം സഹ ഉടമയായ ശ്രീമതി. മൈമൂനത്ത്.പി.എം. അറിയാതെ മറ്റു നാലുപേരുടെ പേർക്ക് അനുവദിച്ചു നൽകിയതായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി കൃത്യവിലോപത്തിന് ടിയാനെതിരെ KCS(CC&A) ചട്ടം 15 പ്രകാരമുള്ള ശിക്ഷണനടപടികളുടെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ.പി. മുരളീധരൻ പരാമർശം (3) പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. ടി മറുപടിയിന്മേൽ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ അഭിപ്രായം ലഭ്യമാക്കിയിരിക്കുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 23(11) ൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിലെ നിയമം ലംഘിച്ചുകൊണ്ട് ജമമാറ്റം നടത്തി ഒരു വ്യക്തിയെ ബുദ്ധിമുട്ടിച്ചുവെന്ന് അന്വേഷണത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അപ്രകാരം നടന്നിട്ടുള്ള ജമമാറ്റം പിന്നീട് നഗരസഭ റദ്ദ് ചെയ്തിട്ടുണ്ടെന്നും ടി കെട്ടിടത്തിന്റെ ഉടമസ്ഥത പൂർവ്വ സ്ഥിതിയിലാക്കിയിട്ടുള്ളതുമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ നിയമം ലംഘിച്ചുകൊണ്ട് ജമമാറ്റം നടത്തി ഒരു

വ്യക്തിയെ ബുദ്ധിമുട്ടിച്ചുവെന്ന് അന്വേഷണത്തിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റം ചെയ്തതായി വ്യക്തമായിരിക്കുന്നു.

ശ്രീ.പി. മുരളീധരനെതിരെയുള്ള ആരോപണങ്ങൾ ശരിവയ്ക്കുന്ന സാഹചര്യത്തിൽ ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ശ്രീ.പി. മുരളീധരൻ, സൂപ്രണ്ട്, തളിപ്പറമ്പ് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**